# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1770        17.03.2015-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി.ശശി** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശ നിയമം ബാധകമാക്കിയ വകുപ്പുകളിൽ, സേവനം സമയബന്ധിതമായി ലഭ്യമായില്ലായെന്ന പരാതി 2014 വർഷത്തിൽ ഓരോ വകുപ്പിലും എത്രയെണ്ണം വീതം ലഭിച്ചുവെന്നും, അതിന്മേലുണ്ടായ തീർപ്പ് എന്താണെന്നും വിശദീകരിക്കാമോ ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) സേവനാവകാശം ബാധകമാക്കിയ സംഗതികളിൽ അപേക്ഷകൾ നൽകിയാൽ നിയമപ്രകാരം സമയ നിഷ്ഠയോടെ സേവനം അപേക്ഷകന് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള പരിശോധനാ സമ്പ്രദായം എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; ഇത്തരത്തിൽ പരിശോധന നടത്തിയ റിപ്പോർട്ടുകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ നടപടിയുണ്ടാകുമോ ? | (ബി) | കേരള സംസ്ഥാന സേവനാവകാശ ആക്റ്റ്, 2012 ഉം കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

കൂടാതെ കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ · പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസി യെക്കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ ഐ.എം.ജി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമ ത്തിന്റെ വിലയിരുത്തലിനായി ഓൺ ലൈൻ മോണിറ്ററിംഗ് സംവിധാനം സ്ഥാപിക്കുവാൻ വിവര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ